ദേശീയ സാമ്പത്തിക സ്ഥിതി

7. ദേശീയ സമ്പദ്ഘടനയുടെ പശ്ചാത്തലത്തിൽ മാത്രമേ സംസ്ഥാന സമ്പദ്ഘടനയെ വിലയിരുത്താൻ കഴിയൂ. രാജ്യത്തെവിടെയും എന്നപോലെ ഭീമമായ ബഡ്ജറ്റ് കമ്മിയുടെ കാലഘട്ടത്തിലാണ് നമ്മളും പ്രവർത്തിക്കുന്നത്. കഴിഞ്ഞ രണ്ടു ദശകങ്ങളിലായി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ വമ്പിച്ച റവന്യൂ കമ്മിയിലാണ്. മറ്റു മാർഗ്ഗങ്ങളുടെ അഭാവത്തിൽ, ഈ കമ്മി നികത്തുന്നതിന് കടമെടുപ്പിനെ മാത്രം ആശ്രയിക്കേണ്ടിവന്നു. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ 1999-2000-ലെ 'റിപ്പോർട്ട് ഓൺ കറൻസി ആന്റ് ഫൈനാൻസി'ൽ ഇങ്ങനെ പറയുന്നു. "ബഡ്ജറ്റുകളിൽ നിന്ന് വഴുതിപ്പോകുന്ന കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ വർദ്ധിച്ച തോതിലുള്ള പൊതു കടമെടുപ്പിലൂടെയാണ് നിലനിൽപ്പിന് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ആഭ്യന്തര കടവും GDP യും തമ്മിലുള്ള അനുപാതം കേന്ദ്രസർക്കാരിൽ 1999 മാർച്ച് അവസാനത്തിലെ 50.6 ശതമാനത്തിൽ നിന്നും 2000 മാർച്ച് അവസാനം 52.9% ആയും സംസ്ഥാനങ്ങളുടേത് ഇതേ കാലയളവിൽ 19.4% ൽ നിന്നും 21.5% ആയും ഉയർന്നു . ഇങ്ങനെ ഉയർന്ന തോതിലുള്ള ധനക്കമ്മി കടം കൂന്നുകൂടുന്നതിന് ഇടയാക്കി". ഇൻഡ്യാ ഗവൺമെന്റ് ഇന്ന് അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രയാസങ്ങളുടെ വെളിച്ചത്തിൽ അവരുടെ വാർഷിക കടമെടുപ്പ് ഇതിനോടകം പൂർത്തിയായിക്കഴിഞ്ഞു. സാമ്പത്തിക പ്രയാസം അഭിമുഖീകരിക്കുന്ന സംസ്ഥാനങ്ങൾക്ക് റിസർവ്വ് ബാങ്ക് അനുവദിക്കുന്ന താൽക്കാലികാശ്വാസമായ 'വേയ്സ് ആന്റ് മീൻസ് അഡ്വാൻസു'കളുടെ കാര്യത്തിൽ പോലും സ്ഥിതി ഇനിപറയും പ്രകാരമാണ്. ആദ്യത്തെ ഒൻപത് മാസം (ഏപ്രിൽ - ഡിസംബർ 2000) ശരാശരി 'വേയ്സ് ആന്റ് മീൻസ് അഡ്വാൻസ്' 6061 കോടി രൂപയായിരുന്നു. മുൻകൊല്ലം ഇതേ കാലയളവിൽ ഇത് 5710 കോടി രൂപ മാത്രമായിരുന്നു. കേന്ദ്രത്തിനുള്ള റിസർവ്വ് ബാങ്കിന്റെ ശരാശരി ഇൻക്രിമെന്റൽ നെറ്റ് ക്രെഡിറ്റും മുൻകൊല്ലം ഇതേ കാലയളവിലേതിനേക്കാൾ കൂടുതലാണ്. ഇതേ സമയം ഇൻഡ്യാ ഗവൺമെന്റിന്റെ പദ്ധതിച്ചെലവ് ഏഴ് ശതമാനത്തോളം കുറഞ്ഞിട്ടുണ്ടെന്ന വസ്തുത സാമ്പത്തിക സ്ഥിതിയുടെ ദയനീയ ചിത്രം അനാവരണം ചെയ്യുന്നു . ദേശീയ സാമ്പത്തിക സ്ഥിതി വിലയിരുത്തപ്പെട്ട ഒരു രേഖയിലും സമ്പദ്ഘടനയുടെ ഗതി മുന്നോട്ടാണെന്നതിനുള്ള ഒരു സൂചനയും ലഭ്യമല്ല . കടുത്ത വിമർശനങ്ങൾക്കൊന്നും മുതിരാതെ മിതമായി പറയട്ടെ, രാജ്യമാസകലം വീശിക്കൊണ്ടിരിക്കുന്ന സാമ്പത്തിക മാന്ദ്യത്തിന്റെ തണുത്തുറഞ്ഞ കാറ്റാണ് നമ്മുടെ സംസ്ഥാനത്തും വീശുന്നത്.

8. മിക്കവാറും എല്ലാ സംസ്ഥാനങ്ങളുടേയും സാമ്പത്തിക നില അത്ര തൃപ്തികരമായ സ്ഥിതിയിലല്ല. അരഡസനിലേറെ സംസ്ഥാനങ്ങൾ 1999-2000 വർഷത്തെ പദ്ധതി അടങ്കലിൽ 15 ശതമാനം മുതൽ 53 ശതമാനം വരെ വെട്ടിക്കുറവു വരുത്തിയിരിക്കുന്നു. നടപ്പു സാമ്പത്തിക വർഷത്തിൽ പത്ത് സംസ്ഥാനങ്ങൾക്കെങ്കിലും ഇതിനേക്കാൾ കടുത്ത പദ്ധതി വെട്ടിക്കുറവ് വരുത്തേണ്ടിവരുമെന്നാണ് അനൗദ്യോഗിക റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. റിസർവ്വ് ബാങ്ക് കണക്കനുസരിച്ച് 1996-ൽ നിന്നും 2001 ലേക്ക് വരുമ്പോൾ എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനങ്ങളുടേയും കടം 2.12 ലക്ഷം കോടിയിൽ നിന്നും 4.99 ലക്ഷം കോടി രൂപയായി വർദ്ധിക്കും. അതായത് അഞ്ച് വർഷം കൊണ്ട് 135 ശതമാനത്തിൽ കൂടുതൽ കടം വർദ്ധിക്കും. മുമ്പൊരിക്കലും റിസർവ്വ് ബാങ്കിൽനിന്നും ഓവർ ഡ്രാഫ്റ്റ് എടുത്തിട്ടില്ലാത്ത സംസ്ഥാനങ്ങളിൽ പലതും ഇപ്പോൾ നിരന്തരമായി ഓവർ ഡ്രാഫ്റ്റിനെ ആശ്രയിച്ചുകൊണ്ടിരിക്കുകയാണ്. ഹ്രസ്വകാല 'വേയ്സ് ആന്റ് മീൻസ് അഡ്വാൻസി'നുവേണ്ടി പല സംസ്ഥാനങ്ങളും കേന്ദ്ര സർക്കാരിന്റെ വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ട് കരാർ ഒപ്പിടുകയാണ്. സ്വന്തം ജീവനക്കാർക്ക് കൃത്യമായി ശമ്പളം നൽകാനോ നിയമാനുസരണം വേണ്ട മറ്റ് ചെലവുകൾ നിർവഹിക്കാനോ പല സംസ്ഥാനങ്ങൾക്കും കഴിയുന്നില്ല. ചില സർക്കാരുകൾ വർഷങ്ങളായി ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയിട്ട് പോലുമില്ല. സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്ന സംസ്ഥാനങ്ങളെ സഹായിക്കുന്നതിനായി കേന്ദ്രം അനുവദിച്ചിരിക്കുന്ന 'വേയ്സ് ആന്റ് മീൻസ് അഡ്വാൻസ്' പൂർണ്ണമായും വിനിയോഗിച്ചു കഴിഞ്ഞു. സംസ്ഥാനങ്ങൾ നേരിടുന്ന സാമ്പത്തിക സമ്മർദ്ദം അത്രയ്ക്ക് ഗുരുതരമാണ്.

കേന്ദ്ര-സംസ്ഥാന സാമ്പത്തിക ബന്ധങ്ങൾ

9. കഴിഞ്ഞ അഞ്ചു ദശാബ്ദങ്ങളായി ഈ രാജ്യത്ത് നാം കാത്തുസൂക്ഷിച്ച് വളർത്തിയ സാമ്പത്തിക ഫെഡറലിസത്തിന്റെ കടയ്ക്കൽ കത്തി വയ്ക്കുന്ന ചില ദൗർഭാഗ്യകരമായ സംഭവ വികാസങ്ങൾ കേന്ദ്ര സംസ്ഥാന സാമ്പത്തിക ബന്ധങ്ങളിൽ ഉയർന്നു വന്നിട്ടുള്ള കാര്യം ഞാൻ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. പതിനൊന്നാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ കൂടുതൽ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ഉത്തരവ് ഇന്ത്യൻ യൂണിയൻ പ്രസിഡന്റ് കഴിഞ്ഞ ഏപ്രിൽ 28ന് പുറപ്പെടുവിക്കുകയുണ്ടായി. ഇത് "സംസ്ഥാനങ്ങളിലെ റവന്യൂ കമ്മി കുറച്ചു കൊണ്ടു വരുന്നത് ലക്ഷ്യം വച്ചുകൊണ്ടുള്ള പരിശോധനാ വിധേയമായ" സാമ്പത്തിക പരിഷ്ക്കാരനടപടികൾ ആവിഷ്ക്കരിക്കുന്നതിന് ആവശ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ അതിന്റെ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഈ വിഷയത്തിൽ സംസ്ഥാനങ്ങളുടെ അഭിപ്രായം ആരായുവാനോ അവയുടെ ആശങ്കകൾ പ്രകടിപ്പിക്കാനുള്ള ഒരു വേദി ഒരുക്കുവാനോ ഉള്ള നടപടികൾ ഉണ്ടായില്ല. ഭരണ ഘടനയിൽ വിഭാവനം ചെയ്തിട്ടുള്ള സാമ്പത്തിക ഫെഡറലിസത്തിന്റെ തത്വങ്ങളിൽ അടിസ്ഥാനപരമായ മാറ്റത്തിന് ഇത് വഴി വച്ചിരിക്കുന്നു. ഇപ്രകാരം സംസ്ഥാനങ്ങളുടെ റവന്യൂ കമ്മി നിയന്ത്രിക്കുന്നതിനുള്ള ദൗത്യം കേന്ദ്രം തന്നെ നേരിട്ട് കയ്യാളുന്നതിനുള്ള ശ്രമമാണ് നടത്തുന്നതെന്ന് കാണാവുന്നതാണ്. റവന്യൂ വരവും റവന്യൂ ചെലവും തമ്മിലുള്ള അന്തരമാണ് ഓരോ സംസ്ഥാനത്തിന്റെയും റവന്യൂ കമ്മി. പ്രഥമ വീക്ഷണത്തിൽ കേന്ദ്ര നടപടി ശരിയാണെന്നു തോന്നാം. എന്നാൽ കേന്ദ്രത്തിൽ നിന്നും വ്യത്യസ്തമായി സ്റ്റേറ്റുകൾക്ക് റവന്യൂ കമ്മി നികത്താൻ പൊതു കടമെടുപ്പിനെ ആശ്രയിക്കേണ്ടി വരുന്നു. ഒരു സംസ്ഥാനത്തിന്റെ പൊതുക്കടം ആ സംസ്ഥാനത്തിന്റെ മാത്രമായ അധികാര മേഖലയാണ്. അതുകൊണ്ടാണ് ഭരണഘടനാശില്പികൾ ഇതിനെ ഏഴാം ഷെഡ്യൂളിലെ സംസ്ഥാന ലിസ്റ്റിൽ നാല്പത്തിമൂന്നാം ഇനമായി

LIBRARY ARCHIVES Kerala Legislative Assembly

6. The unparalled success that we have achieved has come not only from strong growth, but also from an abiding commitment to strong values- caring and compassion- rooted in our credo of faith that there should be an equitable sharing of the benefits of economic growth .

FISCAL SCENE IN INDIA

7. My stewardship of the State's finacnes has to be necessarily seen against the backdrop of the Indian fiscal scenario. I am operating in an era of huge budget deficits everywhere in the country. For the past two decades, both the Government of India and all State Governments have been running budgets with high levels of revenue deficit. Public borrowing, in absence of any other course of action became the only recourse to cover these deficits. The Reserve Bank of India in its Report on Currency and Finance, 1999-2000, observed that there were serious slippages in budgets of both the Centre and States leading to heavy borrowing, and reports that *"The high levels of fiscal deficit have led to steady accumulation of debt, as reflected in the rise inthe domestic debt- GDP ratio of the Central government from 50.6 per cent as at end-March 1999 to 52.9 per cent as at end-March 2000 and of State Governments from 19.4 per cent to 21.5 per cent of GDP during the same period."* In fact, Government of India has already completed its annual borrowing given the constraints that it is facing . Even on Ways and Means Advances- which is a temporary accommodation that RBI extends to Governments- the position is as follows: *"During the first nine months (April-December 2000) the average utilisation of WMA was Rs. 6,061 crore, higher than the same period of the previous year (Rs. 5,710 crore). The average incremental net RBI credit to the Centre was higher than the level of the same period of last year.* At this time, reports are that there has been nearly a seven percent short fall in Plan expenditure of Government of India- which is again a grim reminder of how difficult the fiscal situation is in the country. None of the published indicators on our national finances give us much to look forward by way of any impetus to our growth . Without being overly critical, let me simply say that it is indeed a chill economic wind that is blowing into our State from across the nation.

8. The financial situation of almost all the states is not comfortable either. More than half a dozen States have made cuts in Plan Expenditure in 1999-2000- some of them in the range of 15 to 53% .

LIBRARY ARCHIVES Kerala Legislative Assembly

Informal reports indicate even deeper plan cuts by nearly ten states in the current fiscal year too. RBI estimates the total outstanding liabilities of all States to go up to Rs. 4.99 lakhs cr. in 2001 from Rs. 2.12 lakh cr. in 1996- a rise of 135% over five years. Many States, which have never had to avail over draft from RBI has been recurrently resorting to this. To avail of short-term ways and means advance from Government of India, several States had entered into memorandum of Understanding with Government of India - at terms imposed on them. Several States have defaulted on payments of salaries to their staff and other statutory liabilities! Some have not revised the pay of the Staff of years together now. The provision for Ways and Means Advance that Government of India keeps to assist State Governments in distress has been completely exhausted. Such is the magnitude of the fiscal stress experienced by the States.

CENTRE-STATE FINANCIAL RELATIONS

9. Let me also bring to your attention some very unfortunate devlopments in centre- state financial relations that threaten to cut at the roots of the federal polity that we have so carefully nurtured over the past five decades in this country. The Presidnet of India on 28th of April 2000 promulgated and published and order that added to the Terms of Reference of the Eleventh Finance Commission. The Commission was asked to draw up a "monitorable fiscal reforms programme aimed at reudction of revenue deficit of the States" and accordingly it has submitted its report on this basis. Neither has the opinion of States been sought nor has there been any forum for States to echo their concerns. This has brought in a radical change to the principles of economic federalism enshrined in the Consitution. Government of India thus, would want to take on itself the task of controlling revenue deficits of States. Revenue deficit of any state is the mismatch between its revenue receipts and revenue expenditure. It may sound like a truism no doubt, but unlike the Centre, which controls monetary policy, the States has to take recourse to its Public Debt to bridge its revenue deficit. The Public Debt of a State is the exclusive domain of the State Government. That is why the Consitution makers have placed this as Item 43 of the State List in the Seventh Schedule of the Consitution. Except as provided for in Article 293 of the Consitution, the Consitution does not provide the Central Government any role in the supervision or management of the Public Debt of the State. In short, when States will be put on a "monitorable

LIBRARY ARCHIVES Kerala Legislative Assembly